**കേരള സർക്കാർ**

<u>സംഗ്രഹം</u>

സംസ്ഥാന സർക്കാർ ജീവനക്കാർക്കും എയ്ഡഡ് സ്കൂൾ ജീവനക്കാർക്കുമുള്ള പലിശരഹിത ചികിത്സാ വായ്പ – അപേക്ഷാ ഫോമിൽ " signature of applicant with date" എന്നു ചേർത്ത് പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ലോൺസ്) വകുപ്പ്**

**സ.ഉ.(അച്ചടി) നം.44/2022/ധന** **തിരുവനന്തപുരം, തീയതി 07/04/2022**

---

പരാമർശം:-
1. 27/09/2001- ലെ സ.ഉ (അ) നം.1071/2001/ധന.
2. 03/12/2013- ലെ സ.ഉ (അ) നം.586/2013/ധന.
3. 16/10/2014- ലെ സ.ഉ (അ) നം.446/2014/ധന.
4. 18/02/2020- ലെ സ.ഉ (അ) നം.4/2020/ആ.കു.വ

**<u>ഉത്തരവ്</u>**

പരാമർശം (1)- ലെ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള പലിശ രഹിത വായ്പയ്ക്ക് അപേക്ഷിക്കുന്നതിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോം നിലവിൽ വന്നിട്ടുണ്ട്. പരാമർശം (3)-ലെ ഉത്തരവ് പ്രകാരം നിലവിലുള്ള പലിശ രഹിത വായ്പാ അപേക്ഷ ഫോം, കേരള ഫിനാൻഷ്യൽ കോഡ് Vol-II- ൽ, Form No.58 ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. പരാമർശം (4)-ലെ ഉത്തരവ് പ്രകാരം പലിശരഹിത വായ്പാ അപേക്ഷാ തീയതി മുതലുള്ള ചികിത്സാ ബില്ലുകൾ പലിശരഹിത വായ്പാ ക്രമീകരണത്തിനായി പരിഗണിക്കാവുന്നതാണ്. എന്നാൽ, പലിശ രഹിത ചികിത്സാ വായ്പയുടെ നിലവിലുള്ള അപേക്ഷാ ഫോമിൽ അപേക്ഷകൻ തീയതി രേഖപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടില്ല

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പലിശ രഹിത ചികിത്സാ വായ്പ ക്രമീകരിക്കുമ്പോൾ വായ്പയ്ക്ക് അപേക്ഷിച്ച തീയതി മുതലുള്ള ബില്ലുകളാണ് പരിഗണിക്കുന്നതെന്നതിനാൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കും എയ്ഡഡ് സ്കൂൾ ജീവനക്കാർക്കുമുള്ള പലിശരഹിത ചികിത്സാ വായ്പയ്ക്കുള്ള അപേക്ഷാ ഫോമിൽ "signature of the applicant" എന്നതിനുപകരം "signature of the applicant with date" എന്നു ചേർത്ത് പരിഷ്കരിച്ചുകൊണ്ടു ഉത്തരവാകുന്നു.

3) കേരള ഫിനാൻഷ്യൽ കോഡിൽ ഇതു സംബന്ധമായ ഭേദഗതി പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സഞ്ജയ് എം കൗൾ**

ധനകാര്യ (വ്യയം) സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ്/ആഫീസ് മേധാവികൾക്കും

സെക്രട്ടറിയേറ്റിലെ എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും സെക്ഷനുകൾക്കും
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ
രജിസ്ട്രാർ, യൂണിവേഴ്സിറ്റി ഓഫ് കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ
രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം
രജിസ്ട്രാർ, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി, കാലടി
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
എല്ലാ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി/അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർക്കും
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ
നിയമസഭാ സ്പീക്കറുടെ പ്രിൻസിപ്പൽ സെക്രട്ടറി
മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറി/അഡീഷണൽ സെക്രട്ടറി
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, കേരള, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ലോകായുക്ത.
ഓംബുഡ്സ്മാൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
കരുതൽ കോപ്പി/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ